# ആറന്മുള ഉത്തൃട്ടാതി വള്ളംകളി പാരമ്പര്യത്തനിമ നിലനിർത്തിക്കൊണ്ടു നടത്തുവാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്.

ചരിത്രപ്രസിദ്ധമായ ആറന്മുള ഉത്തൃട്ടാതി വള്ളംകളി, ഇപ്പോഴത്തെ രീതി മാറ്റി, പാരമ്പര്യത്തനിമ നിലനിർത്തിക്കൊണ്ട് നടത്തുവാൻ പള്ളിയോടസേവാസംഘം തീരുമാനിച്ചു എന്നത് തികച്ചും സ്വാഗതാർഹമാണ്.

ഇതിനായി ആറന്മുളയിലെ പാരമ്പര്യരീതിയിലുള്ള കറക്കിത്തുഴച്ചിൽ, തുഴച്ചിൽകാരുടെ വേഷവിധാനം, വഞ്ചിപ്പാട്ടുശൈലി, ചമയം, അച്ചടക്കം എന്നിവ മാനദണ്ഡമാക്കുമെന്നും ആറന്മുളയുടെ സാംസ്കാരികപൈതൃകം നിലനിർത്തുമെന്നും പള്ളിയോടസേവാസംഘം പ്രഖ്യാപിച്ചിരിക്കുകയാണ്. ആറന്മുള ജലോത്സവത്തിന്റെ പാരമ്പര്യവും പൈതൃകവും അനുഷ്ഠാനവും അനുവർത്തിച്ചുമത്സരിച്ച് ജേതാവാകുന്ന എ ബാച്ചിലെയും ബി ബാച്ചിലെയും പള്ളിയോടങ്ങൾക്ക് കരകളുടെ ആവേശമായ 'മന്നം ട്രോഫി' സമ്മാനിക്കാനും, വിധിനിർണ്ണയത്തിന് ഈ രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു ജഡ്ജിംഗ് പാനൽ രൂപീകരിക്കാനും ആണ് സേവാസംഘത്തിന്റെ തീരുമാനം.

മഹത്ത്വങ്ങൾ അവകാശപ്പെടുന്ന ആറന്മുള ഉത്തൃട്ടാതി ജലോത്സവത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഭക്തജനങ്ങളും, നമ്മുടെ സംസ്കാരത്തെയും പള്ളിയോടങ്ങളെയും സ്നേഹിക്കുന്ന നാനാജാതിമതസ്ഥരും ഖിന്നരാണെന്നും ഉത്തൃട്ടാതി ജലമേളയിൽ പങ്കെടുക്കുന്ന മിക്ക പള്ളിഓടങ്ങളിലും അതാത് കരക്കാർ പങ്കെടുക്കുന്നില്ല, മറിച്ച് ദൂരദേശങ്ങളിൽനിന്ന് വാടകയ്ക്ക് തുഴച്ചിൽക്കാരെ സംഘടിപ്പിച്ചാണ് വള്ളം തുഴയുന്നതെന്നും ആറന്മുള പള്ളിഓടങ്ങൾക്കുമാത്രം സ്വന്തമായ ഒരു തുഴച്ചിൽ ശൈലി ഇന്ന് നഷ്ടമായിക്കഴിഞ്ഞു എന്നും അതിനു കാരണം വാടകയ്ക്ക് എടുക്കുന്ന തുഴച്ചിൽക്കാർ തന്നെയാണെന്നും, ഭഗവത് സാന്നിധ്യമുള്ള പള്ളിഓടങ്ങളിൽ ഭഗവത് സ്തുതികൾ മാത്രമേ പാടാറുള്ളുവെങ്കിലും വാടകതുഴച്ചിൽക്കാർക്ക് അത് അറിഞ്ഞു കൂടാത്തതിനാൽ നമ്മുടെ സംസ്കാരത്തിനും അനുഷ്ഠാനത്തിനും നിരക്കാത്ത ചില വായ്ത്താരികളാണ് അവർ ഉപയോഗിക്കുന്നതെന്നും വാടക തുഴച്ചിൽക്കാർ കാരണം നമ്മുടെ ഉത്തൃട്ടാതി ജലമേളയുടെ സാംസ്കാരികവും അനുഷ്ഠാനപരവുമായ മൂല്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നും ആറന്മുള ഉത്തൃട്ടാതിജലമേള അനുപമമായത് മൽസരംകൊണ്ടല്ല സാംസ്കാരികമൂല്യം കൊണ്ടും അനുഷ്ഠാനപരതകൊണ്ടുമാണ് എന്നും, വള്ളംകളിയുടെ മത്സരസ്വഭാവം ഒഴിവാക്കുകയും ഈ സംസ്കാരവുമായി യാതൊരു ബന്ധവുമില്ലാത്ത വാടകതുഴച്ചിൽക്കാരെ പള്ളിയോടങ്ങളിൽ കയറ്റുന്ന പ്രവണതയിൽനിന്നും സംഘാടകർ പിന്തിരിയണമെന്നും ഉള്ള ആവശ്യം കുറെകാലങ്ങളായി എൻ.എസ്.എസ്. ഉന്നയിച്ചു വരുകയായിരുന്നു.

മത്സരവള്ളംകളി ഒഴിവാക്കി ഉത്തൃട്ടാതി ജലോത്സവത്തിന്റെ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും വിശ്വാസം അർപ്പിച്ച് പ്രാദേശികമായ നമ്മുടെ സംസ്കാരത്തെ സചേതനമായി നിലനിർത്തുകയും ചൈതന്യധന്യമായി വരുംതലമുറയ്ക്ക് കൈമാറുകയും ചെയ്യേണ്ടത് പ്രതിബദ്ധതാബോധമുള്ള ഒരു സാംസ്കാരികസമൂഹത്തിന്റെ ഉത്തരവാദിത്വമാണ് എന്നും എൻ.എസ്.എസ്. സൂചിപ്പിച്ചിരുന്നു.

കഴിഞ്ഞ കുറേ കാലങ്ങളായി, ചരിത്രപ്രസിദ്ധമായ ഉത്തൃട്ടാതി ജലമേളകൾ വിപണനസംസ്കാരത്തിന്റെ ഭാഗമായി മാറുകയായിരുന്നു. ചടങ്ങുകൾക്ക് ഉണ്ടായിരുന്ന അനുഷ്ഠാനമൂല്യം വീണ്ടെടുക്കണമെന്നും നാനാജാതിമതസ്ഥർക്കും ആ അനുഷ്ഠാനപ്രാധാന്യം നിലനിന്നു കാണുവാനും, അതിന്റെ ഭാഗമായി പങ്കെടുക്കുവാനുമാണ് താത്പര്യമെന്നും എൻ.എസ്.എസ്. ചൂണ്ടിക്കാട്ടിയിരുന്നു.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട പള്ളിയോടസേവാസംഘം ഈ ഉദ്ദേശ്യശുദ്ധി ഉൾക്കൊണ്ട്, ഇച്ഛാശക്തിയോടുകൂടി, ഇത്തവണ മുതൽ പാരമ്പര്യത്തനിമ നിലനിർത്തിക്കൊണ്ടുതന്നെ ആറന്മുള ഉത്തൃട്ടാതി വള്ളംകളി നടത്തുന്നതിനും ആറന്മുളയുടെ സാംസ്കാരികപൈതൃകം നിലനിർത്തുന്നതിനും എടുത്ത തീരുമാനം തികച്ചും അഭിനന്ദനാർഹമാണ്.